**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3060** **07-10-2025 - ൽ മറുപടിയ്ക്ക്**

**മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പുഴകളിലും തോടുകളിലും നീർച്ചാലുകളിലും മറ്റും മണ്ണ് അടിഞ്ഞുകൂടി വെള്ളത്തിന്റെ ഒഴുക്കിന് തടസ്സം നേരിടുന്നതും തന്മൂലം ജലസംഭരണശേഷി കുറയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കനത്ത വേനൽ സമയങ്ങളിൽ തിരൂരങ്ങാടി മണ്ഡലത്തിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റി,നന്നമ്പ്ര പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ പുഴകളിലും തോടുകളിലും നീർച്ചാലുകളിലും മണ്ണ് അടിഞ്ഞുകൂടി വെള്ളത്തിന്റെ ഒഴുക്കിനു തടസ്സം നേരിടുന്നതായി റിപ്പോർട്ട് ചെയ്യപ്പെടാറുണ്ട്. |
| (ബി) | പുഴകളിലും നീർച്ചാലുകളിലും തോടുകളിലും മണ്ണടിഞ്ഞു കിടന്ന് വെള്ളത്തിന്റെ ഒഴുക്ക കുറഞ്ഞ് വെള്ളം സംഭരിക്കാൻ കഴിയാതെ വരുന്നതിനാൽ പാടശേഖരങ്ങളിലേക്ക് വെള്ളം എത്താതെ കൃഷി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ജലക്ഷാമം രൂക്ഷമാകുന്ന കടുത്ത വേനൽകാലത്തെ കനത്ത വേനൽ സമയങ്ങളിൽ തിരൂരങ്ങാടി മണ്ഡലത്തിലെ കീരനല്ലൂർ മുക്കം തോട് ജംഗ്ഷൻ വട്ടച്ചിറ എന്നീ ഭാഗങ്ങളിൽ പുഴകളിലും തോടുകളിലും നീർച്ചാലുകളിലും മറ്റും മണ്ണ് അടിഞ്ഞു കൂടി വെള്ളത്തിന്റെ ഒഴുക്ക് കുറഞ്ഞ് മോര്യകാപ്പ്, ഉരുത്തി പാടശേഖരങ്ങളിലേയ്ക്ക് വെള്ളം എത്താത്തതിനാൽ ഈ ഭാഗത്തെ കർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. |
| (സി) | ഇത്തരത്തിൽ മണ്ണ് അടിഞ്ഞുകൂടിയ തിരൂരങ്ങാടി മണ്ഡലത്തിലെ പുഴകളിലേയും റോഡുകളിലേയും നീർച്ചാലുകളിലേയും മണ്ണ് നീക്കം ചെയ്യുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കുകയോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയോ ചെയ്യുന്നുണ്ടോ; വിശദമാക്കാമോ? | (സി) | മണ്ണ് നീക്കം ചെയ്യുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. തോടുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി അടിഞ്ഞുകൂടിയ മണ്ണും, സിൽറ്റും നീക്കം ചെയ്യാറുണ്ട്. അതോടൊപ്പം റവന്യൂ/ മുനിസിപ്പാലിറ്റി അധികൃതർ ഇടപെട്ട് മണ്ണ് നീക്കം ചെയ്യുകയും ചെയ്യാറുണ്ട്. കൂടാതെ റൂം ഫോർ റിവർ പദ്ധതിയുടെ ഭാഗമായി കടലുണ്ടി പുഴയിലും അതിന്റെ കൈവഴിയായ ന്യൂ കട്ട് കനാലിലും അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ